പുതിയ വില്ലേജുകൾ രൂപീകരിക്കാൻ നടപടി

11 [1563] ശ്രീ. ചെർക്കളം അബ്ദുള്ള:
,, എം. കെ. മുനീർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പുതിയ വില്ലേജുകൾ രൂപീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പുതിയ വില്ലേജുകൾ രൂപീകരിക്കാനാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളത്;

(സി) അവയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഗവൺമെൻറ് വന്നതിനുശേഷം പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ വില്ലേജ് രൂപീകരിക്കണമെന്നും നിലവിലുള്ളവ വിഭജിക്കണമെന്നുമുള്ള ആവശ്യം ഉന്നയിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) സർക്കാരിന് ലഭിച്ച നിവേദനങ്ങൾ, താലൂക്കുകൾ, റവന്യൂ ഡിവിഷനുകൾ എന്നിവയുടെ പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരിക്കുന്ന കമ്മീഷന് കൈമാറിയിട്ടുണ്ട്.

(ഡി, ഇ) വില്ലേജുകൾ ഒന്നും രൂപീകരിച്ചിട്ടില്ല.

റീസർവെ ജോലി

12 [1566] ശ്രീ. എം. ജെ. സക്കറിയ:
,, ചെർക്കളം അബ്ദുള്ള:
,, എം. കെ. മുനീർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവെ ജോലി എന്നാണ് ആരംഭിച്ചത്;

(ബി) ഏതെല്ലാം ജില്ലകളിൽ റീസർവെ ജോലി പൂർത്തിയായി;

LIBRARY ARCHIVES Kerala Legislative Assembly